## പ്രാർത്ഥന

# ഒരു അവസാനവാക്ക്

പ്രാർത്ഥനയെ കുറിച്ചുള്ള പഠനം ദൈവത്തെ കുറിച്ചു ആഴത്തിലുള്ള പഠനമാണ്. ദൈവം ദൈവമാണ്, മനുഷ്യൻ അങ്ങനെയല്ല; ദൈവം ദൈവമാണ്, ഞാൻ അങ്ങനെയല്ല. അതുകൊു, പ്രാർത്ഥനയെ സംബന്ധിച്ച പരിഗണന താഴ്ത്തുന്നതാണ്. അത് അവസാനിക്കുന്നത് മൃദുലമായ ഉത്തരത്തെക്കാൾ കൂടുതൽ ചോദ്യങ്ങളോടു കൂടിയാണ്. അത് ദൈവവുമായി അവസാനിക്കുന്നതാണ്, അല്ലാതെ പരിഹാരങ്ങളുമായല്ല.

ക്രിസ്ത്യാനികൾ ദൈവത്തെ അന്വേഷിക്കുന്നു. നാം അവന്റെ ഹിതം കത്തെുവാനും അറിയുവാനും ആഗ്രഹിക്കുന്നു. അതുകൊു പ്രാർത്ഥനയിൽ ദൈവഹിതവും ഉൾപ്പെടുന്നു. പലപ്പോഴും, അവന്റെ ഹിതം നാം കൂടുതൽ അന്വേഷിക്കുന്തോറും, നമുക്ക് അതിനെ കുറിച്ച് വളരെ കുറച്ചു മാത്രമേ അറിയാൻ സാധിക്കൂ. ദൈവം വെറും പരിജ്ഞാനമല്ല; പ്രാർത്ഥന ബൈബിളുമല്ല. അതുകൊ് ചോദ്യങ്ങൾ അവശേഷിക്കുന്നു:

ദൈവത്തിനു നമുക്കുവേി ഒരു താല്പര്യം ഉാകുമോ? ദൈവം തന്റെ ഇഷ്ടം പ്രകടിപ്പിക്കുമോ അതോ മറച്ചുവയ്ക്കുമോ? അതു കത്തെുവാൻ നാം അത്രത്തോളം കഷ്ടത അനുഭവിക്കുന്നത് എന്തുകൊ്? നമുക്ക് ആത്മീയതയെ വേദശാസ്ത്രത്തിൽ നിന്ന് വേർപെടുത്തുവാൻ കഴിയുമോ? വേദശാസ്ത്രത്തിനപ്പുറമായി നമുക്ക് ദൈവത്തെ കുമുട്ടുവാൻ കഴിയുമോ? ദൈവഹിതം കത്തെൽ ഒരു ആത്മീയ ആശയമാണോ? ദൈവേഷ്ടത്തിന്റെ ബൈബിൾ നിർവ്വചനം എന്താണ്? ദൈവേഷ്ടം കത്തെുവാൻ ശ്രമിക്കുന്നതിൽ നാം തെറ്റായ ചിന്ത ഉപയോഗിക്കുന്നുോ? ബൈബിളിനപ്പുറമായി നമുക്ക് ദൈവത്തിന്റെ മനസ്സ് അറിയുവാൻ കഴിയുമോ? പറ്റിപ്പ് നീക്കുന്നത് എന്തുകൊ് നിഷ്ഫലമാകുന്നു?

ദൈവത്തിൽ ആശ്രയിച്ചുകൊു നാം പ്രാർത്ഥിക്കുന്നു! ഹാബേൽ ദൈവത്തിൽ വിശ്വസിച്ചു, അവൻ മരിച്ചുപോയി. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, എന്നാൽ അവൻ മരിച്ചില്ല. നോഹാ ദൈവത്തെ അനുസരിച്ചു, മറ്റുള്ളവരെല്ലാം മരിച്ചു. നാം വിശ്വസിക്കുന്നതിനെ ആശ്രയിച്ച് നമ്മുടെ ജീവിതങ്ങൾ മാറുന്നു. ദൈവേഷ്ടം അറിയുവാൻ നാം തിരുവെഴുത്ത് മനസ്സിലാക്കിയിരിക്കണം. അവന്റെ ഇഷ്ടം കത്തെുവാൻ നാം ദൈവത്തെ അറിഞ്ഞിരിക്കണം. നാം കൂടുതൽ അവനെ പോലെ ആകുമ്പോൾ, അവന്റെ ഹിതം നമുക്കു നന്നായി മനസ്സിലാക്കുവാൻ തീർച്ചയായും കഴിയും. പ്രാർത്ഥനയിൽ ഒരു ബന്ധം ഉൾപ്പെടുന്നു. ദൈവേഷ്ടം കത്തെുന്നത് പ്രത്യേകമായ അടയാളങ്ങളെ ആസ്പദമാക്കിയല്ല എനിക്കു ദൈവവുമായിട്ടുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊു, അവന്റെ ഹിതം ബുദ്ധിമുട്ടുള്ള ഒരു കടങ്കഥയോ, വിഷമപ്രശ്നമോ ആയി മറഞ്ഞിരിക്കാവുന്നതല്ല. ദൈവം അറിയുന്നു; ദൈവം അറിയപ്പെടുവാൻ ആഗ്രഹിക്കുന്നു. ശിശുവിനെ പോലെ, ലളിതമായ, അനുസരണമുള്ള വിശ്വാസത്തിൽ, ദൈവം നമ്മിലേക്ക് അവന്റെ ഹിതം വരുവാൻ അനുവദിക്കുന്നു. നമ്മെക്കുറിച്ച് അറിയുക എന്നത് വേദനാജനക

മാണ്. ദൈവത്തെ കുറിച്ചറിയുന്നതും വേദനാജനകമാണ്, എങ്കിലും എന്തൊരു നേട്ടമാണത്! അതുകൊ്, നാം കീഴ്പ്പെടുന്നു; കീഴടങ്ങുന്നു; സേവിക്കുന്നു. അപ്പോൾ സ്വർഗ്ഗസ്ഥനായ ദൈവം നാം നിനെക്കുന്നതിലധികമായി നമ്മെ അനുഗ്രഹിക്കുന്നു. എന്റെ ജീവിതം ഞാൻ ജീവിച്ചു. ഇല്ല, ഞാൻ വിചാരിച്ചതുപോലെ, തീരുമാനിച്ചതുപോലെ അതായില്ല; എന്നാൽ അത് ഏറ്റവും നന്നായി ത്തീർന്നു! ദൈവം ദൈവമാണ്! ദൈവം നല്ലവനാണ്! അങ്ങനെയുള്ള ദൈവത്തെ കൂടാതെ ആളുകൾ എങ്ങനെ ജീവിക്കും?

തിരുവെഴുത്തിൽ നമുക്ക് പരിചയമുള്ളത് കൂടുതൽ വായിക്കണമെന്നുള്ളത് നമുക്ക് അറിയാമോ? നാം തുടങ്ങിയ സ്ഥലത്തേക്ക് തിരിച്ചുവരാം: ലൂക്കൊസ് 11. അപ്പൊസ്തലന്മാർ നമുക്കെല്ലാവർക്കും വേി സംസാരിച്ചു: ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ. യേശു ആ അപേക്ഷക്കു, മാതൃകാ പ്രാർത്ഥനയാൽ മറുപടി നൽകി. പിന്നെ അവൻ പഠിപ്പിച്ചതു ഇന്ന് ആളുകൾ തെറ്റിദ്ധരിക്കുകയും അവഗണിക്കുകയും ചെയ്തിരിക്കുന്ന ദുഃഖമുളവാക്കുന്ന ഒരു ഉപമയാണ്: മാനസിക വിഭ്രാന്തിയുള്ള സ്നേഹിതൻ.

ക്രിസ്ത്യാനികൾ മക്കളാണ്. അർദ്ധരാത്രിയിൽ പോലും മക്കളുടെ ആവശ്യങ്ങൾ ശ്രദ്ധയോടെ സ്നേഹത്തോടെ കണക്കാക്കുന്നവരാണ് മാതാപിതാക്കൾ. മക്കൾക്ക് കതകുകളിൽ തട്ടേ ആവശ്യമില്ല. മാനസിക വിഭ്രാന്തിയുള്ള സ്നേഹിതന്മാർക്കുള്ളതല്ല പ്രാർത്ഥന. പ്രാർത്ഥന പിതാവിന്റെ സ്നേഹത്താൽ സുരക്ഷിതത്വമുള്ള മക്കൾക്കുള്ളതാണ്. അങ്ങനെ, ദോഷികളായ, നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവു തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും? (ലൂക്കൊസ് 11:13).

***"ആദ്യം പ്രാർത്ഥിക്കുക"***